**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3636** | **14-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ കായിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തെ ബഡ്ജറ്റിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ച ഉദയകുമാർ സ്മാരക വോളിബാൾ കോർട്ട്, യുവഭാരത് സാംസ്കാരിക നിലയവും വോളിബാൾ കോർട്ടും, റോവിംഗ് അക്കാദമി, കോസ്റ്റൽ റോവിംഗ് അക്കാദമി എന്നീ പ്രവൃത്തികളുടെ സ്ഥിതി വിശദമാക്കാമോ; | (എ) | **2021-22 വർഷത്തെ ബഡ്ജറ്റിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1) ഉദയകുമാർ സ്മാരക വോളീബോൾ കോർട്ട്, മാരാരിക്കുളം**<br><br>**ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളീബോൾ കോർട്ട് നിർമ്മാണത്തിനായി 2021 - 2022 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ക്രമ നം. 710 ആയി 25 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 5 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു.**<br><br>**പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് സന്ദർശനം നടത്തുകയുണ്ടായി. ലേഔട്ടും, എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.**<br><br>**2) മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളീബോൾ കോർട്ടും**<br><br>**ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളീബോൾ കോർട്ടും നിർമ്മാണത്തിനായി 2021 - 2022 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം - II ലെ**<br><br>**ക്രമ നം. 2464 ആയി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു.** |

| | | | |
|---|---|---|---|
| | | | **പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് സന്ദർശനം നടത്തി ലേഔട്ടും, എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.**<br><br>**<u>3) റോവിംഗ് അക്കാദമി, ആലപ്പുഴ</u>**<br><br>**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റോവിംഗ് അക്കാദമിയുടെ പ്രവൃത്തിയ്ക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ലാൻറ് അക്വിസിഷൻ ആവശ്യമായതിനാൽ കിഫ്ബി ലാൻറ് അക്വിസിഷനു വേണ്ടി ധനാനുമതി നൽകിയിട്ടുണ്ട്. ലാൻറ് അക്വിസിഷന്റെ ഭാഗമായി സോഷ്യൽ ഇംപാക്റ്റ് അസെസ്സ്മെൻറ് റവന്യൂ വകുപ്പ് മുഖാന്തിരം ചെയ്തു വരികയാണ്.**<br><br>**<u>4) കോസ്റ്റൽ അക്കാഡമി, ആലപ്പുഴ</u>**<br><br>**2021 - 2022 ലെ ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ (ക്രമ നമ്പർ 18) പുതിയ പ്രഖ്യാപനങ്ങളിൽ ഉൾപ്പെടുത്തി ആലപ്പുഴ കോസ്റ്റൽ റോയിംങ് അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | **2021-22 വർഷത്തെ ബഡ്ജറ്റിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**<u>1) ഉദയകുമാർ സ്മാരക വോളീബോൾ കോർട്ട്, മാരാരിക്കുളം</u>**<br><br>**ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളീബോൾ കോർട്ട് നിർമ്മാണത്തിനായി 2021 - 2022 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ക്രമ നം. 710 ആയി 25 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 5 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു.**<br><br>**പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് സന്ദർശനം നടത്തുകയുണ്ടായി. ലേഔട്ടും, എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |

| | | | |
|---|---|---|---|
| | | | <u>2) മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളീബോൾ കോർട്ടും</u><br><br>**ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളീബോൾ കോർട്ടും നിർമ്മാണത്തിനായി 2021 - 2022 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം - II ലെ**<br><br>**ക്രമ നം. 2464 ആയി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു.**<br><br>**പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് സന്ദർശനം നടത്തി ലേഔട്ടും, എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.**<br><br><u>3) റോവിംഗ് അക്കാദമി, ആലപ്പുഴ</u><br><br>**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റോവിംഗ് അക്കാദമിയുടെ പ്രവൃത്തിയ്ക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ലാൻറ് അക്വിസിഷൻ ആവശ്യമായതിനാൽ കിഫ്ബി ലാൻറ് അക്വിസിഷനു വേണ്ടി ധനാനുമതി നൽകിയിട്ടുണ്ട്. ലാൻറ് അക്വിസിഷന്റെ ഭാഗമായി സോഷ്യൽ ഇംപാക്റ്റ് അസെസ്സ്മെൻറ് റവന്യൂ വകുപ്പ് മുഖാന്തിരം ചെയ്തു വരികയാണ്.**<br><br><u>4) കോസ്റ്റൽ അക്കാഡമി, ആലപ്പുഴ</u><br><br>**2021 - 2022 ലെ ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ (ക്രമ നമ്പർ 18) പുതിയ പ്രഖ്യാപനങ്ങളിൽ ഉൾപ്പെടുത്തി ആലപ്പുഴ കോസ്റ്റൽ റോയിംങ് അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ